**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 925** **06-10-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കാം എന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; | (എ) | കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കുന്നതിനായി സംസ്ഥാന സർക്കാർ 01.11.2020 തീയതിയിൽ സമർപ്പിച്ച അപേക്ഷയിൽ, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, ഇതിനായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാനുമാണ് കേന്ദ്രസർക്കാർ 10-12-2020 തീയതിയിലെ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത നിർദ്ദേശം ലഭിച്ചിട്ടും ഈ കാര്യത്തിൽ തീരുമാനം കൈക്കൊള്ളാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കാം എന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് 2011 മുതൽ ഉണ്ട്. 17.06.2011-ലെ സ.ഉ.(സാധാ) നം. 265/2011/വനം പ്രകാരം കൃഷിഭൂമികളിലെ നാശനഷ്ടമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതി അപേക്ഷിക്കുന്ന കർഷകർക്ക് നൽകാവുന്നതാണ്. തുടർന്ന്, എല്ലാ വർഷങ്ങളിലേയ്ക്കും ആവശ്യമായ ഭേദഗതികളോടെ പുതുക്കിയ ഉത്തവുകൾ ഇറക്കിയിട്ടുണ്ട്. നിലവിൽ ഈ ഉത്തരവുകളുടെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മനുഷ്യ ജീവനും, സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വനേതര ഭൂമികളിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | 10.12.2020-ലെ നിർദ്ദേശത്തിന് വളരെ മുമ്പുതന്നെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഉത്തരവായിട്ടുള്ളതാണ്. |
| (സി) | ഈ കാര്യത്തിൽ കേന്ദ്ര സർക്കാർ തങ്ങളുടെ നിലപാടറിയിച്ചിട്ടും കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കാനുള്ള ശിപാർശ വീണ്ടും കേന്ദ്രത്തിന് അയക്കാനുള്ള കാരണം വിശദമാക്കാമോ; | (സി) | കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കാം എന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് 2011 മുതൽ ഉണ്ട്. 17.06.2011-ലെ സ.ഉ.(സാധാ) നം. 265/2011/വനം പ്രകാരം കൃഷിഭൂമികളിലെ നാശനഷ്ടമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതി അപേക്ഷിക്കുന്ന കർഷകർക്ക് നൽകാവുന്നതാണ്. തുടർന്ന്, എല്ലാ വർഷങ്ങളിലേയും ആവശ്യമായ ഭേദഗതികളോടെ പുതുക്കിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. നിലവിൽ ഈ ഉത്തരവുകളുടെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മനുഷ്യ ജീവനും, സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വനേതര ഭൂമികളിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്. കേന്ദ്ര സർക്കാരിന്റെ 10.12.2020-ലെ നിർദ്ദേശത്തിന് വളരെ മുമ്പുതന്നെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഉത്തരവായിട്ടുള്ളതാണ്. |
| (ഡി) | കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നതു മൂലം പ്രതിസന്ധി നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരമായി ലഭ്യമാകുന്ന പരമാവധി തുകയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത പരിധി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | 23.01.2020-ൽ സ്റ്റേറ്റ് ബോർഡ് ഓഫ് വൈൽഡ് ലൈഫ് കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ "വെർമിൻ" ആക്കി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1/11/2020-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയ അപേക്ഷയിൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നം.8-31/2020-ഡബ്ളിയു.എൽ, തീയതി 10-12-2020-ലെ കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (ബി) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തു |

| | | | |
|---|---|---|---|
| | | | വന്നിരുന്നുവെങ്കിലും, കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിരുന്നില്ല. ഈ സാഹചര്യത്തിൽ 21.12.2020-ൽ ബഹു.വനം മന്ത്രി വിളിച്ച്കൂട്ടിയ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ സംസ്ഥാന സർക്കാർ 17.06.2021-ാം തീയതിയിലെ കത്ത് പ്രകാരം വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയാണ് ഉണ്ടായത്. |

സെക്ഷൻ ഓഫീസർ